**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2340** — **06.10. 2016-ൽ മറുപടിക്ക്**

## മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എസ്. ശർമ്മ**<br>**ശ്രീ. ബി. സത്യൻ**<br>**ശ്രീ. എം. രാജഗോപാലൻ**<br>**ശ്രീ.എ.എം. ആരിഫ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി) |
| (എ)) | കടലിന്റെ അവകാശം കടലിൽ മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കടലിന്റെ അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിന് ഉതകുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | തീരദേശത്തെ ജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താനും ജീവിത നിലവാരം ഉയർത്താനുമായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (ബി) | മത്സ്യ ലഭ്യത കുറവുള്ള പഞ്ഞ മാസങ്ങളിൽ ജീവിതച്ചെലവിന് സാമ്പത്തിക സഹായം ലഭിക്കാവുന്ന തരത്തിൽ സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഈ പദ്ധതി പ്രകാരം അനുവദിച്ചിരുന്ന 2700/- രൂപ 4500/- രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണം, മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ പുനരുദ്ധാരണം, തീരദേശത്തെ ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളികൾക്ക് വാസയോഗ്യമായ വീട് വയ്ക്കുന്നതിന് 3 സെന്റ് വരെ വസ്തു വാങ്ങുന്നതിനുള്ള പദ്ധതി, മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണം, മത്സ്യത്തൊഴിലാളി യുവതികൾക്ക്, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുതകുന്ന തീരനൈപുണ്യ പദ്ധതി, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി, തണൽ പദ്ധതി എന്നിവ തീരദേശത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ്. |
| (സി) | തീരദേശ മേഖലയിലെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ? | (സി) | മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് 2600 വീടുകളും ഭൂരഹിതരായ മത്സ്യത്തൊഴിലാളികളിൽ 800 പേർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള പദ്ധതിയും ഈവർഷം നടപ്പാക്കി വരുന്നു. ഇതിനായി 10,000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ |

| | | | |
|---|---|---|---|
| | | | ഭൂമിയിലോ സ്വകാര്യ വ്യക്തികളിൽ നിന്ന് ലഭ്യമാകുന്ന ഭൂമിയിലോ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പാർപ്പിട സമുച്ചയം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് 800 വീടുകൾ യൂണിറ്റിന് 2 ലക്ഷം രൂപ നിരക്കിൽ നൽകുന്നതിന് പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി നൽകിയിട്ടുണ്ട്.<br>മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണവും മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങൾക്ക് ആരോഗ്യ പരിശോധന, ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ നടത്തുന്നതിനും പദ്ധതിയുണ്ട്.<br>വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പട്ടികജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ ആനുകൂല്യങ്ങൾ മത്സ്യമേഖലയിലും നൽകിവരുന്നു. ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഹോസ്റ്റൽ സൗകര്യത്തോടുകൂടിയ 10 ഹൈസ്കൂളുകൾ പ്രവർത്തിച്ച് വരുന്നു. കൂടാതെ 8-ാം ക്ളാസ്സിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിന് 90% ശതമാനത്തിൽ കൂടുതൽ ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷകർത്താവിന് പ്രതിവർഷം 1000/- രൂപ നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിന് പ്രത്യേക പരിഗണന നൽകിയും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>10, 12, ക്ളാസ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി കരിയർ ഗൈഡൻസും, 12-ാം തരം പൂർത്തിയായ കുട്ടികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനവും, ബിരുദം എടുത്തവർക്ക് പി, എസ്,സി, ബാങ്ക് കോച്ചിംഗ് സിവിൽ സർവ്വീസ് കോച്ചിംഗ് എന്നിവയും ആദ്യ ഘട്ടമെന്ന നിലയിൽ മലപ്പുറം, ആലപ്പുഴ ജില്ലകളിലെ ഹൈസ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് സൈക്കിൾ അനുവദിക്കുന്ന പദ്ധതിയും നടപ്പാക്കി വരുന്നു. |

(signature)
സെക്ഷൻ ഓഫീസർ